LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വം ബോർഡിന് കീഴിലുള്ള അമ്പലങ്ങളിലെ പൂജാരിമാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി

49 [1354] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള അമ്പലങ്ങളിൽ പ്രവൃത്തി എടുക്കുന്ന പൂജാരിമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ക്ഷേത്രങ്ങളിലെ പൂജാരിമാർ തൊഴിൽ തർക്ക നിയമപ്രകാരം തൊഴിലാളി എന്ന നിർവ്വചനത്തിൽ വരുന്നവരല്ല. എന്നിരുന്നാലും പൂജാരികൾ ഉൾപ്പെടെയുള്ള എല്ലാ ക്ഷേത്ര ജീവനക്കാർക്കും ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

ബാലവേലയ്ക്കെതിരെ നടപടി

50[1355] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിരോധിച്ചുകൊണ്ടുള്ള നിയമം ഇപ്പോഴും പ്രാബല്യത്തിലുണ്ടോ;

(ബി) പ്രായപൂർത്തിയാകാത്ത കുട്ടികളെ വീടുകളിൽ കഠിനമായി ജോലി ചെയ്യിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികളെക്കൊണ്ട് ഹോട്ടലുകളിലും വീടുകളിലും കഠിനമായി ജോലികൾ ചെയ്യിപ്പിച്ചതിന് ആർക്കെങ്കിലും എതിരെ കേസെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെക്കൊണ്ട് കഠിനപ്രയത്നം ആവശ്യമുള്ള ജോലി ചെയ്യിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം പ്രാബല്യത്തിലുണ്ട്.

(ബി) മാദ്ധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെക്കൊണ്ട് വീട്ടുജോലി ചെയ്യിക്കുന്നതായി ലഭിച്ച പരാതിയിൽ ഉചിതമായ നടപടി എടുക്കുന്നതിന് തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വീടുകളിൽ പണിയെടുക്കുന്ന ബാല തൊഴിലാളികളുടെ കേസ്സുകൾ നിലവിലുള്ള നിയമപ്രകാരം ശിക്ഷാർഹമല്ല.

(സി) എല്ലാത്തരം ബാലവേലയും അവസാനിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ബോർഡുകൾ വയ്ക്കുക, സെമിനാറുകളും ചർച്ചകളും നടത്തുക തുടങ്ങിയ പ്രചാരണ പരിപാടികൾ നടത്തി വരുന്നു. ബാലവേല സർവ്വെ നടത്തിയിട്ടുണ്ട്. പരിശോധന ശക്തിപ്പെടുത്തുവാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്. ബാലവേലയിൽ നിന്നും മോചിപ്പിച്ച കുട്ടികളുടെ പുനരധിവാസത്തിനും ക്ഷേമത്തി നുമായി ഒരു നിയമനിർമ്മാണം എത്രയും പെട്ടെന്ന് കൊണ്ടുവരുവാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമത്തിൽ ഹോട്ടലുകളിൽ കുട്ടികളെക്കൊണ്ട് ചില നിയന്ത്രണങ്ങൾക്കുവിധേയമായി ജോലി ചെയ്യിക്കുന്നത് ശിക്ഷാർഹമല്ല. വീട്ടുജോലി ചെയ്യുന്ന കുട്ടികൾ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നിയമപരമായി നടപടികൾ സ്വീകരിക്കാൻ കഴിയില്ല. ഇതൊക്കെയാണെങ്കിലും ബാലവേല നിരുത്സാഹപ്പെടുത്തുന്നതിനുള്ള പ്രചാരണ പരിപാടികളും മറ്റും നടത്തുന്നുണ്ട്.

ബാലവേല നിരോധനവും പുനരധിവാസവും

51 [1356] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിയന്ത്രിക്കുന്നതിന് മതിയായ നിയമം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്ത് ബാലവേല പരിപൂർണ്ണമായി നിരോധി ക്കുന്നതിന് നിയമനിർമ്മാണം നടത്തുമോ എന്നറിയിക്കാമോ;

(സി) ബാലവേലയിൽ നിന്ന് മോചിതരാകുന്ന കുട്ടികളെ പുനരധിവസിപ്പി ക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly